ശിരുവാണി നദീജല കരാർ

*18 [318] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ശിരുവാണി നദീജല കരാർ പുതുക്കുമ്പോൾ ശിരുവാണി ഡാമിൽ നിന്നും പാലക്കാട് ജില്ലയ്ക്ക് ആവശ്യമായ ജലം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

19-8-1973-ൽ നിലവിൽ വന്ന ശിരുവാണി കുടിവെള്ളക്കരാർ പ്രകാരം ഇപ്പോൾ 05 Cusecs ജലം പ്രതിദിനം കേരളത്തിന്റെ കീഴ്നദീതട അവകാശം സംരക്ഷിക്കുന്നതിനു വേണ്ടി ലഭിക്കുന്നുണ്ട്. ശിരുവാണി ഡാമിന്റെ നിർമ്മാണത്തിന് ശേഷം കേരളത്തിലെ ഭവാനി നദീതടത്തിൽ അട്ടപ്പാടി പ്രദേശങ്ങളിലെ കൃഷി ആവശ്യങ്ങൾക്കു വേണ്ടി മാത്രം പ്രതിവർഷം 2.5 ടി. എം. സി. ജലം നൽകണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കരാറിന്റെ കാലാവധി 99 വർഷമാണ്. അതിനാൽ കരാർ 2072-ൽ മാത്രമേ പുതുക്കുവാൻ കഴിയുകയുള്ളൂ.

തീരദേശ സംരക്ഷണത്തിനു കോസ്റ്റൽ പോലീസ്

*19 [319] ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. പിരപ്പൻകോട് മുരളി :
,, മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ സംരക്ഷണത്തിനായി കോസ്റ്റൽ പോലീസ് എന്ന പേരിൽ ഒരു സേനാവിഭാഗം രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കോസ്റ്റൽ പോലീസ് വിഭാഗം രൂപീകരിക്കുന്നതിന്റെ മുഖ്യലക്ഷ്യം എന്താണെന്നു വ്യക്തമാക്കുമോ;

(സി) തീരദേശങ്ങളിൽ ക്രമസമാധാനം പാലിക്കുന്നതിനു നിലവിലുള്ള സംവിധാനം പര്യാപ്തമല്ലെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഡി) കോസ്റ്റൽ പോലീസ് സേനാ വിഭാഗം രൂപീകരിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്കായി എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ഇ) ഈ പദ്ധതിക്ക് കേന്ദ്രത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ എന്നു വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം തീരദേശ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി കേരള മറിൻ എന്ന സേനാവിഭാഗം ആരംഭിക്കുന്നതിന് ഉദ്ദേശ്യമുണ്ട്.

(ബി) നിർദ്ദിഷ്ട കേരള മറിൻ രൂപീകരിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ വിവരിക്കുന്നു.

1. തീരദേശങ്ങളിൽ താമസിക്കുന്ന വിവിധ വിഭാഗത്തിൽപ്പെട്ടവർ തമ്മിലുണ്ടായേക്കാവുന്ന നിയമസമാധാന പ്രശ്നങ്ങൾ നിയന്ത്രിക്കുക.
2. മൺസൂൺ കാലങ്ങളിലെ ട്രോളിംഗ് നിരോധനം ശക്തമായ രീതിയിൽ നടപ്പാക്കുക.
3. തീരദേശ പ്രദേശങ്ങളിൽ ഉണ്ടാവുന്ന കുറ്റകൃത്യങ്ങൾ കണ്ടുപിടിക്കുക, അവ തടയുക.
4. കോസ്റ്റ്ഗാർഡ്, കസ്റ്റംസ് എന്നിവരുമായി സഹകരിച്ച് പ്രവർത്തിക്കുക.
5. സ്വർണ്ണം, മയക്കുമരുന്ന്, ആയുധങ്ങൾ തുടങ്ങിയവ തീരപ്രദേശങ്ങൾ വഴി സംസ്ഥാനത്തേക്ക് കടത്തുന്നത് തടയുക.
6. തീവ്രവാദ ഭീകര പ്രവർത്തനങ്ങൾ തീരദേശ പ്രദേശങ്ങൾ വഴി സംസ്ഥാനത്തേക്ക് പടരുന്നത് തടയുക.
7. വിദേശികൾ നിയമവിരുദ്ധമായി നടത്തുന്ന മത്സ്യബന്ധനം മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവ കണ്ടുപിടിക്കുക, അവ തടയുക.
8. തീരദേശത്ത് ഉണ്ടായേക്കാവുന്ന നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശക്തമായ പോലീസ് പ്രവർത്തനങ്ങൾ നടപ്പാക്കുക.

(സി) തീരദേശ പ്രദേശങ്ങൾ പൊതുവെ വർഗ്ഗീയമായും, തൊഴിൽപരമായും സംഘർഷഭരിതമാണെങ്കിലും ആയവ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്. എന്നാൽ (ബി) പിരിവിന്റെ 5, 6, 7, 8 മറുപടിയിൽ പ്രതിപാദിക്കുന്ന കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ തീരദേശ പോലീസ് സേന ശക്തിപ്പെടുത്തേണ്ടതുണ്ട്.

(ഡി) കേന്ദ്ര ഗവൺമെന്റിലെ മന്ത്രിമാരുടെ ഒരു സമിതി തീരദേശ സംരക്ഷണത്തിനായി സമർപ്പിച്ച നിർദ്ദേശങ്ങൾക്കനുസരിച്ച് ഒരു രൂപരേഖ തയ്യാറാക്കുവാൻ സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടുകയുണ്ടായി. അപ്രകാരം തീരദേശ സുരക്ഷയ്ക്കായി 8901.40 ലക്ഷം രൂപയുടെ ഒരു പദ്ധതി പോലീസ് ഡയറക്ടർ ജനറൽ തയ്യാറാക്കി സമർപ്പിക്കുകയും ആയത് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിരിക്കുകയുമാണ്. പ്രസ്തുത പദ്ധതിയിൽ 4 മേഖലാ യൂണിറ്റും 24 ബേസ് സ്റ്റേഷനുമാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി കെട്ടിടം, വാച്ച് ടവർ, ബോട്ട് ജെട്ടി എന്നിവ നിർമ്മിക്കുന്നതിനായി 528 ലക്ഷം രൂപയും ഉപകരണങ്ങൾ വാങ്ങുന്നതിനായി 7197.20 ലക്ഷം രൂപയും തസ്തികകൾ സൃഷ്ടിക്കുന്നതിനായി 1176.20 ലക്ഷം രൂപയും ചെലവു വരുമെന്ന് കണക്കാക്കുന്നു.

(ഇ) പദ്ധതി നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

മയക്കുമരുന്ന് കച്ചവടം തടയുവാൻ നടപടി

*20 [320] ശ്രീ. എ. പി. അനിൽകുമാർ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരം മയക്കുമരുന്ന് കച്ചവടത്തിന്റെ കേന്ദ്രമായി മാറിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു;

(സി) ഈ സാമ്പത്തിക വർഷത്തിൽ നർക്കോട്ടിക് സെൽ എത്ര റെയ്ഡുകളാണ് നടത്തിയത്;

(ഡി) ഇവയിൽനിന്ന് ആകെ എത്ര കിലോ മയക്കുമരുന്ന് പിടിച്ചെടുത്തിട്ടുണ്ട്;

(ഇ) എത്ര പേരുടെമേൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(എഫ്) മയക്കുമരുന്ന് കച്ചവടം തടയുവാൻ എന്തെല്ലാം നടപടികളെടുത്തുവെന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) ഇല്ല. എന്നാൽ ഒറ്റപ്പെട്ട ചില ചില്ലറ മയക്കുമരുന്ന് വിൽപ്പന ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവയ്ക്കെതിരെ ആവശ്യമായ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഒറ്റപ്പെട്ട ചില്ലറ മയക്കുമരുന്ന് വിൽപ്പന നടക്കുന്നതായി ലഭിക്കുന്ന രഹസ്യവും അല്ലാതെയുമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ റെയ്ഡുകൾ നടത്തി കുറ്റക്കാരെ കണ്ടെത്തി അറസ്റ്റു ചെയ്ത് കർശന നിയമനടപടി സ്വീകരിച്ചുവരുന്നു.

(സി) 2003-ലും 2004 നാളിതുവരെയുമായി 25 റെയ്ഡുകൾ.

(ഡി) തിരുവനന്തപുരം നർക്കോട്ടിക് സെൽ നടത്തിയ റെയ്ഡിൽ 9 കിലോ 150 ഗ്രാം കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly